## പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.179 | 16.06.2014 ന് മറുപടിയ്ക്ക്.

### വന്യമൃഗശല്യം തടയുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.കെ.രാജു<br>ശ്രീ.കെ.അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) കാട്ടാന ഉൾപ്പെടെയുള്ള, വന്യമൃഗ ശല്യം തടയുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.<br>2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.<br>4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.<br>5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന, വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നുംകുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.<br>8. കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ചു മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.<br>9. പ്രശ്നക്കാരായ ആനകളെ പിടിച്ചു മാറ്റുന്നതിനുള്ള എലിഫെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.<br>10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.<br>11. വനത്തിനകത്ത്, വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവല്കരണം |

നടത്തുന്നതിനാവശ്യമുള്ള നടപടികൾ.

12. പ്രശ്നങ്ങളുണ്ടാക്കുന്ന മൃഗങ്ങളെ പിടിച്ച് മാറ്റുന്നതും വന്ധീകരിക്കുവാനും ഉള്ള നടപടികൾ.
13. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ട് വളർത്തുക.

(ബി) എലിഫന്റ് സ്ക്വാഡ്, റാപ്പിഡ് റെസ്പോൺസ് ടീം എന്നിവ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ ഘടനയും പ്രവർത്തന ലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) വയനാട്, കണ്ണൂർ, പാലക്കാട്, നിലമ്പൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നി സ്ഥലങ്ങൾ ആസ്ഥാനമാക്കി 8 റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഓരോ റാപ്പിഡ് റെസ്പോൺസ് ടീമിലും 1 ഡെപ്യൂട്ടി റെയിഞ്ചർ, 2 ഫോറസ്റ്റർ, 4 ഫോറസ്റ്റ് ഗാർഡ് എന്നിവ-രെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഒരു വാഹനവും, ഡ്രൈവറും, വാച്ചർമാരും ഉണ്ടായിരിക്കും.

വന്യജീവി ആക്രമണം ഉണ്ടാകുന്ന സ്ഥലങ്ങളിലേക്ക് അതിവേഗം എത്തിച്ചേരുകയും പ്രാദേശിക ജീവനക്കാരുടേയും വാച്ചർമാരുടേയും , വി.എസ്.എസ്/ഇ.ഡി.സി അംഗങ്ങളുടേയും സഹായത്തോടെ പ്രതിരോധ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക, നാട്ടിലിറങ്ങിയ വന്യമൃഗത്തെ കാട്ടിലേക്ക് തിരികെ അയക്കുന്നതിനുള്ള ശ്രമം വിഫലമാകുന്ന പക്ഷം കെണിയിൽപ്പെടുത്തിയോ, മയക്കുവെടി വച്ചോ പിടികൂടി കാട്ടിലേക്ക് വിടുന്നതിന് നേതൃത്വം നൽകുക, ജനക്കൂട്ടത്തിന്റെ ആക്രമണത്തിൽ നിന്നും വന്യമൃഗത്തെ രക്ഷിക്കുക, ടി പ്രശ്നങ്ങളിൽ പോലീസ് ഉദ്യോഗസ്ഥരുമായും മറ്റു സർക്കാർ വകുപ്പുകളുമായും ഏകോപനം ഉറപ്പു വരുത്തുക, വന്യമൃഗശല്യം ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തി കിടങ്ങുകൾ, സൗരോർജ്ജ കമ്പിവേലികൾ, മതിലുകൾ, കയ്യാലകൾ എന്നിവ നല്ല നിലയിലാണെന്ന് ഉറപ്പു വരുത്തുക എന്നിങ്ങനെയുള്ള ചുമതലകളാണ് റാപ്പിഡ് റെസ്പോൺസ് ടീമിനുള്ളത്.

വയനാട്, നിലമ്പൂർ എന്നിവിടങ്ങളിലായി രണ്ട് എലിഫന്റ് സ്ക്വാഡ് രൂപീകരണത്തിന് സർക്കാരിൽ നിന്ന് ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. റെയിഞ്ച് ഫോറസ്റ്റ് ആഫീസറേയും, വെറ്ററിനറി ഡോക്ടറേയും ഉൾപ്പെടുത്തിയാണ് എലിഫന്റ് സ്ക്വാഡിന് രൂപം നൽകിയിട്ടുള്ളത്. ഇതിനായുള്ള ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ആനകളെ പരിശീലിപ്പിക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണവും നടന്നു വരുന്നു.

(സി) വന്യമൃഗങ്ങളെ വനത്തിനുള്ളിൽ-ത്തന്നെ നിലനിർത്തേണ്ട ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അതിനുള്ള എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കാനു-ദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

(സി) ചോദ്യം (എ)യുടെ ഉത്തരത്തിൽ പറയുന്ന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ.